(ബി) കേരളവും തമിഴ്നാടും സംയുക്തമായി തയ്യാറാക്കിയ രേഖയിൽ നിയമ സഭാ സമിതി ചൂണ്ടിക്കാട്ടിയ കരാർ ലംഘനങ്ങൾപോലും ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംയുക്തരേഖയിൽ കേരളത്തിന് ദോഷം ചെയ്യുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനെ ചോദ്യം ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറായില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാർ അവലോകന ചർച്ചയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച സമീപനം എന്തായിരുന്നു;

(ഇ) കേരളവും തമിഴ്നാടുമായി തയ്യാറാക്കിയ സംയുക്തരേഖയുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുതുക്കാൻ വ്യവസ്ഥയില്ല. എന്നാൽ മുപ്പതു വർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യുവാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുനരവലോകനം ചെയ്യുന്ന ചർച്ചകൾ 1988-ൽ തന്നെ ആരംഭിച്ചു. ഉദ്യോഗസ്ഥതല ചർച്ചകളും മന്ത്രിതല ചർച്ചകളും തമിഴ്നാടുമായി അനവധി പ്രാവശ്യം നടത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെയും തമിഴ്നാട്ടിലെയും സാങ്കേതിക ഉദ്യോഗസ്ഥരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി, സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ടിൽ നിയമസഭാ സമിതി ചൂണ്ടിക്കാട്ടിയ കരാർ ലംഘനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതല്ലാത്ത വ്യവസ്ഥകളൊന്നും പ്രസ്തുത രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കരാർ പുനരവലോകന ചർച്ചയിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

(ഇ) കേരളത്തിലേയും തമിഴ്നാട്ടിലേയും സാങ്കേതിക ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ടാണ് അവലോകന ചർച്ചയ്ക്ക് ഉപയോഗിക്കുന്നത്. അവലോകന ചർച്ച പൂർത്തിയായിട്ടില്ലാത്തതിനാൽ ചർച്ചയ്ക്ക് ഉപയോഗിക്കുന്ന റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ തല്ക്കാലം നിവൃത്തിയില്ല.

നദീജല ചൂഷണം തടയുന്നതിന് നിർദ്ദേശങ്ങൾ

68 [786] ശ്രീ. വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. സുജനപാൽ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജലക്കരാർ ലംഘിച്ചുകൊണ്ട് സംസ്ഥാനത്തിന് കിട്ടേണ്ട ജലം തമിഴ്നാട് ചൂഷണം ചെയ്യുന്നത് തടയുവാൻ എന്തെല്ലാം നിർദ്ദേശങ്ങൾ സംസ്ഥാനം വച്ചിട്ടുണ്ട്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ തമിഴ്നാടിനെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ സാധിച്ചുവോ;

(സി) ഇല്ലാത്തപക്ഷം കരാർ പുതുക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ ഈ കരാറിൽ എന്തെല്ലാം കാര്യങ്ങൾ പുതുതായി ചേർക്കേണ്ടതുണ്ട്;

(ഇ) നിലവിലുള്ള വ്യവസ്ഥകൾക്ക് എന്തെല്ലാം വിശദീകരണങ്ങളും നിർവ്വചനങ്ങളും ഉപനിബന്ധനകളും ചേർക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരാറിലെ വ്യവസ്ഥകൾ ചിലത് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ ലംഘനം നടത്തുകയാണെങ്കിൽ അതിന് നഷ്ടപരിഹാരം നൽകാനുള്ള ഒരു നിർദ്ദേശം സംസ്ഥാനം വച്ചിട്ടുണ്ട്.

(ബി) ഇല്ല. കരാർ ലംഘനം നടത്തുന്നതായി തമിഴ്നാട് സമ്മതിച്ചിട്ടില്ല.

(സി) കരാർ പുതുക്കുവാൻ വ്യവസ്ഥയില്ല. കരാറിന് കാലാവധി ഇല്ലാത്തതിനാൽ കേരളത്തിന് കൂടുതൽ പ്രയോജനമുണ്ടാകുന്ന മാറ്റങ്ങൾ വരുത്തുവാനാണ് ശ്രമിക്കുന്നത്.

(ഡി) പറമ്പിക്കുളം ഗ്രൂപ്പുഡാമുകളിലും ലോവർ നീരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിനവകാശപ്പെട്ട 16.5 ടി.എം.സി. അടി ജലത്തിനുമുകളിൽ വരുന്ന 2.5 ടി.എം.സി. ഫീറ്റ് ജലം ചിറ്റൂർ പ്രദേശത്തെ ജല സേചനത്തിനായി ലഭ്യമാക്കണമെന്ന് പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പറമ്പിക്കുളം ഗ്രൂപ്പുഡാമുകളിൽനിന്നും ലോവർ നീരാർ ഡാമിന്റെ വൃഷ്ടിപ്രദേശത്തും ലഭിക്കുന്ന ജലത്തിന്റെ ശരാശരി വാർഷിക ജലലഭ്യത 10.135 ടി.എം.സി. അടി ആണെന്ന് കഴിഞ്ഞ 30 വർഷത്തെ ഗേജിംഗ് വ്യക്തമാക്കുന്നു. അതിനാൽ 16.5 ടി.എം.സി. ഫീറ്റ് എന്നപരിധി കുറയ്ക്കണമെന്ന് പുനരവലോകന ചർച്ചകളിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. നീരാർ വിയറിൽനിന്നും ഒക്ടോബർ ഒന്നു മുതൽ പെരിയാർ തടത്തിലെ ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് ഓരുവെള്ള നിർമ്മാർജ്ജനത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അപ്പർ നീരാറിലെ ജലം സ്ഥിരമായി കേരളത്തിന് വിട്ടുതരണമെന്ന് തമിഴ്നാടിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മണക്കടവ് വിയറിൽനിന്നും പാലക്കാട് ജില്ലയ്ക്കുവേണ്ടി കൂടുതൽ വെള്ളം ലഭിക്കുന്നതിനും പരിശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചർച്ചകളിലൂടെ ധാരണകൾക്ക് അന്തിമ രൂപം കൈവന്നതിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

നീരാർ നദീതടത്തിലെ ജലലഭ്യത

69 [787] ശ്രീ. എൻ ഡി അപ്പച്ചൻ:
,, പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുമ്പോൾ നീരാർ നദീതടത്തിൽ നിന്നും എത്രജലം എത്രകാലം തമിഴ്നാടിന് കൊടുക്കാമെന്നാണ് വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) ആനമലയാറിൽനിന്നും എത്ര ജലം തമിഴ്നാടിന് കൊടുക്കണം;

(സി) നീരാറിൽനിന്നും ആനമലയാറിൽനിന്നും കൊടുക്കാനുദ്ദേശിക്കുന്ന അത്രയും ജലം പ്രസ്തുത നദികളിലുണ്ടെന്നതിന് തെളിവെന്താണ്;

(ഡി) ജലം നൽകുന്നതിന് പകരമായി കേരളത്തിനെന്തു കിട്ടും;

(ഇ) പാലക്കാട് ജില്ലയിലെ വരൾച്ച പരിഹരിക്കുവാനുള്ള ജലം തമിഴ്നാട് തരുമെന്നുറപ്പാക്കിയോ; എങ്കിൽ ഏതു വിധത്തിൽ;

(എഫ്) ജലം തരാത്തപക്ഷം അതിനുപരിഹാരമായി കരാറിൽ എന്തു വ്യവസ്ഥയാണ് ചേർക്കുന്നത്;

(ജി) ഇപ്പോൾ ധാരണയായിട്ടുള്ള കാര്യങ്ങൾ തമിഴ്നാടിനാണോ കേരളത്തിനാണോ കൂടുതൽ അനുകൂലമായിട്ടുള്ളതെന്നും എപ്രകാരമാണ് അനുകൂലമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാർ പുതുക്കാൻ വ്യവസ്ഥയില്ല. എന്നാൽ പുനരവലോകനത്തിന് വ്യവസ്ഥയുണ്ട്. പുനരവലോകന ചർച്ചയിൽ ഇക്കാര്യത്തിൽ വ്യക്തമായ ധാരണ ആയിട്ടില്ല.

(ബി) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം ഇടമലയാർ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം, ആനമലയാറിൽനിന്നും ഓരോ വർഷവും 2.5 ടി.എം.സി. ജലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിലേക്ക് തമിഴ്നാടിന് തിരിച്ചുവിടാൻവേണ്ടി ലഭ്യമാക്കേണ്ടതാണ്.

(സി) കരാറിലേർപ്പെട്ട സമയത്ത് ലഭ്യമായിരുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ജലത്തിന്റെ അളവുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly